"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കാസറഗോഡ് വികസന പാക്കേജ്-പ്രൊജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് ജീവനക്കാരുടെ കരാർ നിയമന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആസൂത്രണ സാമ്പത്തികകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.117/2026/P&EA തിരുവനന്തപുരം, 11-03-2026

---

പരാമർശം:-

1. സ.ഉ(സാധാ) നം.373/2014/Plg തീയതി 03.08.2014.
2. കാസറഗോഡ് ജില്ലാ കളക്ടറുടെ 24.02.2015 ലെ 1050(126)/ 2014-12/കെഡിപി/ഡിപിഒകെഎസ്ഡി നം. ഉത്തരവ്.
3. സ.ഉ(സാധാ) നം.515/2018/P&EA തീയതി 23.10.2018
4. സ.ഉ(സാധാ)നം.268/2025/P&EA തീയതി 26.06.2026
5. കാസറഗോഡ് ജില്ലാ കളക്ടറുടെ 07.01.2026 ലെ ഡിസികെഎസ്ജിഡി/11821/2025-പിഎം/കെഡിപി & 14.02.2026 ലെ 461/2025/കെഎസ്ഡി/കെഡിപി നം. കത്തുകൾ.

**<u>ഉത്തരവ്</u>**

ഡോ. പ്രഭാകരൻ കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ കാസറഗോഡ് ജില്ലയുടെ വികസനത്തിനായി പരാമർശിത ഉത്തരവ് (1) പ്രകാരം രൂപീകൃതമായ പ്രൊജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിൽ, പദ്ധതികളുടെ ദ്രുതഗതിയിലുള്ള പൂർത്തീകരണത്തിനായി പരാമർശിത ഉത്തരവ് (2) പ്രകാരം പ്രൊജക്ട് മാനേജർ - 1, പ്രൊജക്ട് അസിസ്റ്റന്റ് (ടെക്നിക്കൽ) - 1, പ്രൊജക്ട് അസിസ്റ്റന്റ് (മാനേജീരിയൽ) - 1, പ്രൊജക്ട് അസിസ്റ്റന്റ് (ഐ.ടി) -1 എന്നീ തസ്തികകളിലും, പരാമർശിത ഉത്തരവ് (3) പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) -1, ഒന്നാം തരം ഓവർസിയർ (ഇലക്ട്രിക്കൽ) -2, ഒന്നാം തരം ഓവർസിയർ (സിവിൽ) -1, അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) -5, രണ്ടാം തരം ഓവർസിയർ (സിവിൽ) -3, മൂന്നാം തരം ഓവർസിയർ (സിവിൽ)- 9 എന്നിങ്ങനെ 21 സാങ്കേതികവിഭാഗം ജീവനക്കാരെയും നിയമിച്ചിരുന്നു.

2. നിലവിൽ പ്രൊജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിൽ ജോലി ചെയ്തുവരുന്ന അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ), ഓവർസിയർ (സിവിൽ), പ്രൊജക്ട് മാനേജർ, പ്രൊജക്ട് അസിസ്റ്റന്റ് (മാനേജീരിയൽ), പ്രൊജക്ട് അസിസ്റ്റന്റ് (ഐ.ടി) എന്നീ തസ്തികകളിൽ സേവനമനുഷ്ഠിച്ചുവന്നിരുന്ന ജീവനക്കാരുടെ കരാർ കാലാവധി, പരാമർശിത ഉത്തരവ് (4)

പ്രകാരം ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച് നൽകിയിരുന്നു.

3. പ്രസ്തുത ജീവനക്കാരുടെ കരാർ കാലാവധി 2025 ഡിസംബർ, 2026 ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിൽ അവസാനിക്കുന്ന സാഹചര്യത്തിൽ, കാസറഗോഡ് ജില്ലയുടെ പ്രത്യേക സാഹചര്യവും നിർവ്വഹണ വകുപ്പുകളിലെ ഉദ്യോഗസ്ഥക്ഷാമവും ജീവനക്കാരുടെ പരിചയ സമ്പന്നതയും കണക്കിലെടുത്ത് കാസറഗോഡ് വികസന പാക്കേജിന്റെ പ്രവർത്തനം കാര്യക്ഷമവും സുഗമവുമായി മുന്നോട്ടുകൊണ്ടുപോകുന്നതിനായി, നിലവിൽ സേവനമനുഷ്ഠിച്ചുവരുന്ന 10 ജീവനക്കാരുടെ കരാർ കാലാവധി ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശം (5) പ്രകാരം കാസറഗോഡ് ജില്ലാ കളക്ടർ അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാസറഗോഡ് വികസന പാക്കേജ് പദ്ധതികളുടെ പൂർത്തീകരണത്തിനായി പ്രൊജക്റ്റ് ഇംപ്ലിമെന്റേഷൻ യൂണിറ്റിൽ നിയമിക്കപ്പെട്ട, നിലവിൽ സേവനമനുഷ്ഠിച്ചുവരുന്ന ചുവടെ ചേർത്തിട്ടുള്ള 10 ജീവനക്കാരുടെ കരാർ കാലാവധി പട്ടികയിലെ 4-ാം കോളത്തിൽ സൂചിപ്പിച്ചിരിക്കുന്ന ദിവസം അവസാനിച്ച സാഹചര്യത്തിൽ , ധനവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള പൊതു ഉത്തരവുകളിലെ വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണെന്ന വ്യവസ്ഥയിൽ, ഒരു വർഷത്തേക്ക് കൂടി കരാർ ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | ജീവനക്കാരുടെ പേര് | തസ്തികയുടെ പേര് | നിലവിലെ കരാർ കാലാവധി അവസാനിച്ച തീയതി | ദീർഘിപ്പിച്ചു നൽകുന്ന കരാർ കാലാവധി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | അനുശ്രീ ടി വി | പ്രൊജക്റ്റ് മാനേജർ (ടെക്നിക്കൽ) | 08.12.2025 | 10.12.2025-09.12.2026 |
| 2 | ശ്രീജിത്ത് കുമാർ ബി | അസി.എഞ്ചിനീയർ (ഇലക്ട്രിക്കൽ) | 02.02.2026 | 04.02.2026-03.02.2027 |
| 3 | ആതിര എ കെ | ഓവർസിയർ (സിവിൽ) | 02.02.2026 | 04.02.2026-03.02.2027 |
| 4 | കാർത്തിക പി | ഓവർസിയർ (സിവിൽ) | 02.02.2026 | 04.02.2026-03.02.2027 |
| 5 | അനുപമ കെ വി | ഓവർസിയർ (സിവിൽ) | 02.02.2026 | 04.02.2026-03.02.2027 |
| 6 | നീതു ടി | ഓവർസിയർ (സിവിൽ) | 27.02.2026 | 02.03.2026-01.03.2027 |
| 7 | അമൃത രാഘവൻ | ഓവർസിയർ (സിവിൽ) | 16.03.2026 | 18.03.2026-17.03.2027 |
| 8 | ബിന്ദു മോൾ എ | പ്രൊജക്റ്റ് അസിസ്റ്റന്റ് (മാനേജീരിയൽ) | 13.03.2026 | 16.03.2026-15.03.2027 |
| | | | | |

| | | | | |
|---|---|---|---|---|
| 9 | അബ്ദുൾ സാബിത്ത് എം ഐ | പ്രൊജക്ട് അസിസ്റ്റന്റ് (ഐ.ടി) | 13.03.2026 | 16.03.2026-15.03.2027 |
| 10 | തങ്കച്ചൻ എം എം | പ്രൊജക്ട് മാനേജർ | 23.04.2026 | 25.04.2026-24.04.2026 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലതാകുമാരി.എം.ബി
അഡിഷണൽ സെക്രട്ടറി

ജില്ലാ കളക്ടർ, കാസറഗോഡ്
അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്
അക്കൗണ്ടന്റ് ജനറൽ (എ&ഇ /ആഡിറ്റ്), കേരള, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
ചീഫ്, അഗ്രികൾച്ചർ ഡിവിഷൻ, സംസ്ഥാന ആസൂത്രണ ബോർഡ്
ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, കാസറഗോഡ്
ധനകാര്യ വകുപ്പ് (18.02.2025 ലെ EXP-B3/440/2022-FIN കുറിപ്പ് പ്രകാരം)
സ്പെഷ്യൽ ഓഫീസർ, കാസറഗോഡ് വികസന പാക്കേജ്
ജില്ലാ പ്ലാനിംഗ് ഓഫീസർ, കാസറഗോഡ്
വെബ് & ന്യൂ മീഡിയ (ഐ&പി.ആർ.ഡി)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Alen Alphonse**
**Date: 12-03-2026 10:04:08**
സെക്ഷൻ ഓഫീസർ